"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയിലിരിക്കെ നടത്തിയ രക്തപ്പകർച്ചയിലൂടെ എച്ച്.ഐ.വി ബാധിച്ചതായി ആരോപിക്കപ്പെട്ടുകയും തുടർന്ന് മരണമടയുകയും ചെയ്ത കുട്ടിയുടെ പിതാവ് ശ്രീ. ഷിജി. സി - യുട് ബഹു. ഹൈക്കോടതിയുടെ WP(C) No. 30664/2017-മേലുള്ള ഇടക്കാല ഉത്തരവിന്റെ പശ്ചാത്തലത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉചിതമായ ധന സഹായം അനുവദിക്കുന്നതിന് തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

സ.ഉ.(കൈ) നം.142/2025/H&FWD തിരുവനന്തപുരം, തീയതി, 12-05-2025

---

പരാമർശം:- 1 ബഹു. ഹൈക്കോടതി 11.03.2025 തിയതിയിൽ WP(C) No. 30664/2017 മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

2 തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ ഡയറക്ടറുടെ 19.03.2025, 21.03.2025 തിയതികളിലെ RCC/49/2025-ADMN7 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീ. ഷിജി. സി, എരുമപ്പുറത്ത്, തെക്കേതിൽ, കാർത്തികപ്പള്ളി, ഹരിപ്പാട്, ആലപ്പുഴ എന്നയാളുടെ മകൾ രക്താർബുദത്തിനുള്ള ചികിത്സയിലിരിക്കെ മരണപ്പെടുകയുണ്ടായി. ചികിത്സയ്ക്കിടയിൽ റീജിയണൽ കാൻസർ സെന്ററിൽ നടത്തിയ രക്തപ്പകർച്ചയിലൂടെ ടിയാന്റെ മകൾക്ക് എച്ച്.ഐ.വി ബാധിച്ചുവെന്നും അതുകാരണമാണ് ടിയാൾ മരണപ്പെട്ടതെന്നും ആരോപിച്ചുകൊണ്ട് ഹർജിക്കാരന്റെ മകൾക്ക് സംഭവിച്ച ദൗർഭാഗ്യകരമായ മരണത്തിന് നഷ്ട പരിഹാരമായി സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള ഉത്തരവുകൾക്കായി ടിയാൻ ബഹു. ഹൈക്കോടതിയിൽ WP(C) No. 30664/2017 നമ്പരായി ഹർജി ഫയൽ ചെയ്തിരുന്നു. ഹർജിയിൽ വിശദീകരിച്ചിരിക്കുന്ന സംഭവവിവരങ്ങളുടെയും സർക്കാരിന്റെ എതിർ സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം ബഹു. ഹൈക്കോടതി ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിൽ ഹർജിക്കാരന്റെ മകൾക്ക് സംഭവിച്ച ദൗർഭാഗ്യകരമായ മരണത്തെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ഹർജിക്കാരന് നഷ്ടപരിഹാരം നല്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഉന്നതതലത്തിൽ ആലോചിച്ച് ചീഫ് സെക്രട്ടറിയോ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോ സത്യവാങ്മൂലം സമർപ്പിക്കാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2. RCC-യും സർക്കാരും നിയോഗിച്ച അന്വേഷണ സമിതികളുടെ റിപ്പോർട്ടുകളുടെയും മറ്റു പരിശോധനകളുടെയും അടിസ്ഥാനത്തിൽ RCC-യിൽ നടത്തിയ രക്തപകർച്ചയിലൂടെയാണ് HIV രോഗബാധ ഉണ്ടായതെന്ന് വ്യക്തമാക്കുന്ന തെളിവുകൾ ഒന്നുമില്ലെന്നും കുട്ടിയുടെ മരണ

കാരണം HIV രോഗബാധ അല്ലെന്നും ആയതിനാൽ നഷ്ടപരിഹാരം നല്കാൻ ശിപാർശ ചെയ്യുന്നില്ലെന്നും പരാമർശം (2) പ്രകാരമുള്ള റീജിയണൽ കാൻസർ സെന്റർ ഡയറക്ടറുടെ കത്തുകളിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും ,ഈ വിഷയം മന്ത്രിസഭാ യോഗ തലത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , ടി കുട്ടിയുടെ ദൗർഭാഗ്യകരമായ മരണത്തിന്റെ പശ്ചാത്തലത്തിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഇത് ഒരു പ്രത്യേക കേസ് ആയി പരിഗണിച്ചുകൊണ്ടും പരാമർശം (1 ) പ്രകാരമുള്ള ബഹു . ഹൈക്കോടതിയുടെ നിർദേശം മാനിച്ചുകൊണ്ടും ഹർജിക്കാരനായ ശ്രീ. ഷിജി എന്നയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു ഉചിതമായ ധന സഹായം അനുവദിക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു .
ധന സഹായം അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന കാര്യം ബഹു . ഹൈക്കോടതിയെ ധരിപ്പിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലുമായി കൂടിയോലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

3 . ശ്രീ . ഷിജിക്ക് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് റവന്യൂ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ) വകുപ്പ് ആവശ്യമായ തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീ. ഷിജി. സി, എരുമപ്പുറത്ത്, തെക്കേതിൽ, കാർത്തികപ്പള്ളി, ഹരിപ്പാട്, ആലപ്പുഴ.
ഡയറക്ടർ, RCC, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ്—(07-05-2025 തീയതിയിലെ
മന്ത്രിസഭാ യോഗ നടപടി കുറിപ്പ് ഇനം നം: 2933)
റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്
ജില്ലാ കലക്ടർ, ആലപ്പുഴ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin Kumar. S
Date: 12-05-2025 15:14:17

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. HEALTH-FW2/574/2017/HEALTH.　　　　ഇനം നം: 2933

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - റീജിയണൽ കാൻസർ സെന്ററിൽ നടത്തിയ രക്തപ്പകർച്ച മൂലം എച്ച്.ഐ.വി. ബാധിച്ചതായി ആരോപിക്കപ്പെട്ടതിനെ തുടർന്ന് മരണമടഞ്ഞ കുട്ടിയുടെ പിതാവ് ശ്രീ. ഷിജിക്ക്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. മാനുഷിക പരിഗണന നൽകി ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന കാര്യം കോടതിയെ ധരിപ്പിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നം. | : | HEALTH-FW2/574/2017-HEALTH |
| 2. വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ് |
| 3. വിഷയം | : | ആ.കു.വ - റീജിയണൽ കാൻസർ സെന്ററിൽ നടത്തിയ രക്തപ്പകർച്ച മൂലം എച്ച്.ഐ.വി ബാധിച്ചതായി ആരോപിക്കപ്പെട്ടതിനെ തുടർന്ന് മരണമടഞ്ഞ കുട്ടിയുടെ പിതാവ് ശ്രീ. ഷിജിക്ക്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കുന്നതു - സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.04.2025 |
| 5.(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സുഭാഷ്. ആർ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖോബ്രാഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.04.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദാ മുരളീധരൻ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.04.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.04.2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29.04.2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടത്തിയ രക്തപ്പകർച്ച മൂലം എച്ച്.ഐ.വി ബാധിച്ചതായി ആരോപിക്കപ്പെട്ടതിനെ തുടർന്ന് മരണമടഞ്ഞ കുട്ടിയുടെ പിതാവ് ശ്രീ. ഷിജിക്ക്, WP(C) 30664/2017 മേലുള്ള ബഹു. ഹൈക്കോടതിയുടെ 11.03.2025 ലെ ഇടക്കാല ഉത്തരവ് അനുപാലനം ചെയ്തുകൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കുന്നതു സംബന്ധിച്ച നിർദ്ദേശമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. ശ്രീ. ഷിജി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 30664/2017-ൽ സർക്കാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിലെ വിശദാംശങ്ങൾ പ്രകാരം, പനിയും തലവേദനയും അനുഭവപ്പെട്ടതായി കണ്ടെത്തിയ ഹർജിക്കാരന്റെ മകളെ ആദ്യം 27/02/2017 ന് മുതുകുളത്തുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്കും പിന്നീട് രക്ത പരിശോധന നടത്തിയതിനെ തുടർന്ന് രക്താർബുദം സംശയിച്ച് അതേ ദിവസം തന്നെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും കൊണ്ടുപോയി. 28/02/2017 ന് മെഡിക്കൽ കോളേജിൽ നിന്ന് ടിയാളെ റീജിയണൽ കാൻസർ സെന്ററിലേക്ക് റഫർ ചെയ്യുകയും 01/03/2017 ന് അവിടെ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. ആർസിസിയിൽ നടത്തിയ പരിശോധനകൾക്ക് ശേഷം ടിയാൾക്ക് രക്താർബുദം സ്ഥിരീകരിക്കുകയും കീമോതെറാപ്പി ആരംഭിക്കുകയും ചെയ്തു. എന്നാൽ ഓഗസ്റ്റിൽ, എച്ച്ഐവി പ്രതിപ്രവർത്തന ക്ഷമതയുണ്ടെന്ന (reactivity) സംശയത്തെത്തുടർന്ന്, മാതാപിതാക്കളുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം കുട്ടിയെ വിദഗ്ദ്ധ അഭിപ്രായത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു. കുട്ടിക്ക് എച്ച്ഐവി ബാധയുണ്ടെന്ന് സ്ഥിരീകരിച്ചതിനെത്തുടർന്ന്, 11/09/2017 ന്, ഈ വിഷയം കൂടുതൽ അന്വേഷണവിധേയമാക്കുന്നതിനായി ആർ.സി.സി അഡീഷണൽ ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ചെയർമാനായും മെഡിക്കൽ ഓങ്കോളജി അഡീഷണൽ പ്രൊഫസർ അംഗവും മെഡിക്കൽ സൂപ്രണ്ട് അംഗവും കൺവീനറും ആയ മൂന്നംഗ സമിതി രൂപീകരിച്ചു. അടുത്ത ദിവസം മുതൽ തന്നെ കമ്മിറ്റി അന്വേഷണം ആരംഭിക്കുകയും 18/09/2017 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

കുട്ടിക്ക് നടത്തിയ എല്ലാ രക്തപ്പകർച്ചകളുടെയും ദാതാക്കളുടെ പരിശോധനയിൽ അവർ എച്ച്ഐവി നെഗറ്റീവ് ആണെന്ന് കമ്മിറ്റി കണ്ടെത്തി. ആർസിസിയിൽ രക്തപ്പകർച്ചയ്ക്ക് ആയി സ്ഥിരീകരിച്ച സീറോ-നെഗറ്റീവ് രക്ത ബാഗുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്നും കമ്മിറ്റി കണ്ടെത്തി. ആർസിസിയിൽ നടത്തുന്ന പരിശോധനയ്ക്ക് 98.2-99.7% സംവേദന ക്ഷമതയും (sensitivity) 99.1-99.9% സുവ്യക്തതയും (specificity) ഉണ്ട്. ദേശീയ എയ്ഡ്സ് നിയന്ത്രണ സംഘടനയും (NACO) ലോകാരോഗ്യ സംഘടനയും (WHO) രക്തദാതാക്കളുടെ പരിശോധനയ്ക്കായി ഈ തരത്തിലുള്ള പരിശോധന ശുപാർശ ചെയ്യുന്നു, കൂടാതെ മറ്റ് നിരവധി പ്രധാന കേന്ദ്രങ്ങളും ഇത് ഉപയോഗിക്കുന്നു. അതിനാൽ നിർഭാഗ്യകരമായ ഈ സംഭവവുമായി ബന്ധപ്പെട്ട് ആർസിസിയുടെയോ അതിലെ ഡോക്ടർമാരുടെയോ ജീവനക്കാരുടെയോ അശ്രദ്ധ/ വീഴ്ച ആരോപിക്കാനാവില്ല. കുട്ടിയുടെ എച്ച്ഐവി അണുബാധയുടെ കാരണം കമ്മിറ്റിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല, സമഗ്രമായ അന്വേഷണത്തിന് ശേഷം, ആർസിസിക്ക് വേണ്ടി കുട്ടിക്ക് രക്തം നൽകിയ ദാതാക്കളുടെ പരിശോധനയിൽ അവർ എച്ച്ഐവി നെഗറ്റീവ് ആണെന്ന് കമ്മിറ്റി കണ്ടെത്തി. രക്തദാതാക്കളുടെ പരിശോധനയ്ക്കായി നിർദ്ദിഷ്ട അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ആർസിസി കർശനമായി പാലിച്ചു വരുന്നു. ഒരു വ്യക്തിക്ക് എച്ച്ഐവി വൈറസ് ബാധിച്ചിട്ടുണ്ടെങ്കിൽ, അണുബാധ കണ്ടെത്തുന്നത് സാധ്യമാകുന്നതിന് 4-8 ആഴ്ച വിൻഡോ പിരീഡ് ഉണ്ടായേക്കാം. ടി വിൻഡോ പിരീഡിൽ ദാതാവിന്റെ രക്തം പരിശോധിച്ചാൽ, എച്ച്ഐവി ഉടനടി കണ്ടെത്തുന്നതിന് നിലവിലെ പരിശോധനാ സാങ്കേതികവിദ്യകൾ പര്യാപ്തമല്ല. അണുബാധയുടെ തീയതി മുതൽ 4 മുതൽ 8 ആഴ്ച വരെ വ്യത്യാസപ്പെട്ടിരിക്കുന്ന വിൻഡോ പിരീഡിൽ ഒരാൾക്ക് എച്ച്ഐവി ബാധിച്ചിട്ടുണ്ടെങ്കിൽ, ദാതാവിന്റെ രക്തം പരിശോധിച്ചാലും എച്ച്ഐവി ഉടനടി കണ്ടെത്തുന്നതിന് നിലവിലെ പരിശോധനാ സാങ്കേതികവിദ്യയും രീതികളും പര്യാപ്തമല്ല.

3. വിൻഡോ പിരീഡ് കുറയ്ക്കുന്നതിനും രക്ത സുരക്ഷ മെച്ചപ്പെടുത്തുന്നതിനും ന്യൂക്ലിക് ആസിഡ് ആംപ്ലിഫിക്കേഷൻ ടെക്നോളജി (NAAT) പോലുള്ള നൂതന പരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കാൻ അന്വേഷണ കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. റിട്ട് ഹർജിക്കാരന്റെ മകളുടെ ജീവിതത്തിന് മതിയായ പരിചരണം നൽകുന്നതിൽ RCC യിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. യഥാർത്ഥത്തിൽ രോഗിക്ക് ഒരു പേ വാർഡിൽ പ്രത്യേക പരിചരണം നൽകുകയാണ് ഉണ്ടായത്. കൂടുതൽ പരിശോധനയ്ക്കായി രോഗിയെ മാതാപിതാക്കളോടൊപ്പം ചെന്നൈയിലേക്ക് അയയ്ക്കുകയും ഒരു ഡോക്ടറും നഴ്സും അവരെ അനുഗമിക്കുകയും ചെയ്തു. ഇതുവരെയുള്ള പരിശോധനകൾ, ചികിത്സ, ചെന്നൈയിലേക്കുള്ള യാത്ര, ഭക്ഷണം മുതലായവയ്ക്കുള്ള എല്ലാ ചെലവുകളും പൂർണ്ണമായും റീജിയണൽ കാൻസർ സെന്റർ മുഖേനയുള്ള സർക്കാർ ഫണ്ടിൽ നിന്നാണ് നിറവേറ്റിയത്. അതിനാൽ കുട്ടിക്ക് പ്രത്യേക പരിചരണവും ശ്രദ്ധയും നൽകിയിട്ടുണ്ടെന്ന് കാണാൻ കഴിയും. രോഗിക്ക് അത്യാധുനിക പരിചരണം നൽകുന്നതിൽ സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് ഉത്തരവാദിത്തമില്ലായ്മയോ കുറ്റകരമായ അനാസ്ഥയോ ഉണ്ടായിട്ടില്ല. സീറോ-കൺവേർഷൻ സംശയിച്ച സാഹചര്യത്തിൽ, ഈ കേസിന്റെ എല്ലാ വശങ്ങളും അന്വേഷിക്കാൻ റീജിയണൽ കാൻസർ സെന്ററും കേരള സർക്കാരും ഒരു ഉന്നതതല ആഭ്യന്തര സമിതി രൂപീകരിച്ചു. റിപ്പോർട്ടുകളിൽ, ആരോപിക്കപ്പെട്ടതുപോലെ ഉത്തരവാദിത്തമില്ലായ്മയോ കുറ്റകരമായ അനാസ്ഥയോ ഒന്നും കണ്ടെത്തിയിട്ടില്ല. ഉൾപ്പെട്ടിരിക്കുന്ന വിഷയം സാങ്കേതിക സ്വഭാവമുള്ളതാണ്. എച്ച്ഐവി അണുബാധ സംഭവിച്ചാലുടൻ അത് കണ്ടെത്താനുള്ള കഴിവില്ലായ്മ സാങ്കേതികവിദ്യയുടെ പരിമിതിയാണ്.

4. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രീ.ഷിജി ഫയൽ ചെയ്ത WP(C) 30664/2017 ലെ 11-3-2025 ലെ ഇടക്കാല ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.:

*" 4. മുകളിൽ സൂചിപ്പിച്ച തർക്കമില്ലാത്ത വസ്തുതകളുടെ വെളിച്ചത്തിൽ, മുകളിൽ സൂചിപ്പിച്ച സാഹചര്യങ്ങളിലുള്ള മകളുടെ ദൗർഭാഗ്യകരമായ*

*മരണത്തിന് ഹർജിക്കാരന് നഷ്ടപരിഹാരം നൽകാൻ സംസ്ഥാനം ഉദ്ദേശിക്കുന്നുണ്ടോ എന്ന് ഉന്നത തലത്തിൽ കൂടിയാലോചിച്ച ശേഷം, ഒരു സത്യവാങ്മൂലം ചീഫ് സെക്രട്ടറിയോ കേരള സർക്കാരിന്റെ ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറിയോ സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.*

*5. മേൽ പറഞ്ഞ സംഭവത്തിന് ശേഷം സ്വീകരിച്ച നടപടികളും, റീജിയണൽ കാൻസർ സെന്ററിൽ ഇപ്പോൾ രക്ത പരിശോധനയ്ക്കായി ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ വിശദാംശങ്ങളും, സാങ്കേതിക വിദ്യ, മെഷീനിന്റെ നിർമ്മാണവും മോഡലും, പ്രസക്തമായ സമയത്ത് ഉപയോഗിച്ച സാങ്കേതികവിദ്യയേക്കാൾ അതിനുള്ള ഗുണങ്ങൾ എന്നിവയും സത്യവാങ്മൂലത്തിൽ വിശദീകരിക്കേണ്ടതാണ്."*

*ഇന്ന് മുതൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.*

5. ദൗർഭാഗ്യകരമായ സംഭവങ്ങളുടെ മുഴുവൻ സമയത്തും ഹർജിക്കാരനായ ശ്രീ. ഷിജി.സി.യുടെ മകൾക്കും കുടുംബത്തിനും പൂർണ്ണമായ വൈദ്യശാസ്ത്രപരവും മാനസികവും സാമൂഹികവും വൈകാരികവുമായ പിന്തുണ നൽകിയിട്ടുണ്ടെന്നും ഈ കേസിൽ ആർ.സി.സി.യുടെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നുമാണ് ആർ.സി.സി. യുടെ സുചിന്തിതമായ അഭിപ്രായം കുട്ടിയുടെ മരണകാരണം എച്ച്.ഐ.വി. അണുബാധ മൂലമല്ല. അതിനാൽ, കുട്ടിയുടെ മാതാപിതാക്കൾക്ക് ഒരു നഷ്ടപരിഹാരവും നൽകാൻ ആർ.സി.സി. ശുപാർശ ചെയ്യുന്നില്ല. ആർ.സി.സി.യിൽ ആകസ്മികമായി മരണങ്ങളോ അപകടങ്ങളോ ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിന് ആർ.സി.സി. യിൽ ഒരു ഫണ്ടും സൂക്ഷിക്കുന്നില്ലെന്നും ആർ.സി.സി ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

6. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 30664/2017 ലെ മേൽപ്പറഞ്ഞ ഇടക്കാല ഉത്തരവിലെ നിർദ്ദേശം പരിഗണിച്ച്, ഹർജിക്കാരനായ ശ്രീ. ഷിജിയുടെ മകളുടെ ദൗർഭാഗ്യകരമായ മരണത്തിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഇത്

ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉചിതമായ ധനസഹായം അനുവദിക്കുന്നത് അഭികാമ്യമായതിനാൽ ഇക്കാര്യത്തിൽ ഉത്തരവിനായി ഫയൽ ചീഫ് സെക്രട്ടറിയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രിയും മുഖേന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

റീജിയണൽ കാൻസർ സെന്ററിൽ നടത്തിയ രക്തപ്പകർച്ച മൂലം എച്ച്.ഐ.വി ബാധിച്ചതായി ആരോപിക്കപ്പെട്ടതിനെ തുടർന്ന് മരണമടഞ്ഞ കുട്ടിയുടെ പിതാവ് ശ്രീ. ഷിജി. സി ക്ക്, മാനുഷിക പരിഗണനയിൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ടും ടിയാൻ ഫയൽ ചെയ്ത WP(C) നമ്പർ 30664/2017 മേൽ ബഹു. ഹൈക്കോടതി 11.03.2025-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശം മാനിച്ചുകൊണ്ടും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉചിതമായ ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര?